# MISSION & VISION

## MISSION

ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ ഏവർക്കും തൃപ്തികരമായ രീതിയിൽ ആസൂത്രിതവും സന്തുലിതവും സംയോജിതവുമായ സ്ഥലപര വികസനത്തിന് വേണ്ടി സംസ്ഥാനത്തിനും, ജില്ലയ്ക്കും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്ഥലപരാസൂത്രണ കാഴ്ചപ്പാടിൽ സമഗ്ര വികസന രൂപരേഖ തയ്യാറാക്കുക, ആസൂത്രണ സാങ്കേതിക വിഷയങ്ങളിൽ സർക്കാരിനും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും ഉപദേശം നൽകുക, സംസ്ഥാനത്തിന്റെ ജൈവ വൈവിധ്യങ്ങളുടെ സംരക്ഷണം, സംസ്ഥാനത്തെ നഗര പ്രദേശങ്ങൾക്ക് വേണ്ടി ദാർശനിക സൗന്ദര്യാവബോധത്തോടെയുള്ള ആസൂത്രിത പരിത:സ്ഥിതിയുടെ രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന് സർക്കാരിനെ സഹായിക്കുക എന്നതാണ് ഈ വകുപ്പിന്റെ പ്രധാന ദൗത്യം.

## VISION

ആസൂത്രിതവും സന്തുലിതവും സംയോജിതവുമായ സ്ഥലപര വികസനം സംസ്ഥാനത്ത് ഉറപ്പ് വരുത്തുന്നത് വഴി ആരോഗ്യപരവും സുഖകരവും മനോഹരവുമായ ഒരു ജീവിത പരിതസ്ഥിതി സൃഷ്ടിച്ചെടുക്കുന്നതിന് വേണ്ടി, സമഗ്ര മായ ആസൂത്രണത്തിനും അനുബന്ധമായ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതി നുമുള്ള സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട വകുപ്പായി പ്രവർത്തിക്കുക എന്നതാണ് ഈ വകുപ്പിന്റെ പ്രധാന കാഴ്ചപ്പാട്.

കൂടാതെ സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക, ഭൗതിക വിവരങ്ങൾ സമഗ്രമായി ഉൾക്കൊണ്ട് ശാസ്ത്രീയമായ വിവിധ സ്ഥലപരാസൂത്രണ രൂപരേഖകൾ തയ്യാറാക്കി അംഗീകാരം നൽകുന്നതിന് സർക്കാരിന് വേണ്ടുന്ന സാങ്കേതിക ഉപദേശങ്ങൾ നൽകുക, ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ സാങ്കേതിക മേൽനോട്ടം വഹിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സംസ്ഥാന വികസനം സാദ്ധ്യമാക്കുന്നതിന് സർക്കാരിനെ സഹായിക്കുക എന്നതും ഈ വകുപ്പിന്റെ കാഴ്ചപ്പാടിൽപ്പെട്ടതാണ്.